I ഇ.ബി. XIII-കേരള നിയമസഭ/XIV-16

**പതിമൂന്നാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2015 ജൂലൈ 23, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

## അടിയന്തരപ്രമേയം

### നാളികേര വിലയിടിവ്

മി. സ്പീക്കർ: ക്രൂഡ് പാം ഓയിൽ, റിഫൈൻഡ് പാം ഓയിൽ എന്നിവയെ ആസിയൻ ഇന്ത്യാ സ്വതന്ത്ര വ്യാപാര കരാർ പ്രകാരം സ്പെഷ്യൽ ലിസ്റ്റിൽ ഉൾപ്പെടുത്തി ഇറക്കുമതി ചുങ്കം കുറയ്ക്കുവാൻ തീരുമാനിച്ചത് കേരളത്തിലെ കാർഷിക ഉൽപ്പന്നങ്ങളെ സാരമായി ബാധിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ വെളിച്ചെണ്ണയും കൊപ്രയും ഇറക്കുമതി ചെയ്യുതുമൂലം നാളികേരത്തിന്റെ വില കുത്തനെ കുറയുകയും കർഷകർ

പ്രതിസന്ധിയിലായിരിക്കുന്നതായി പറയപ്പെടുകയും ചെയ്യുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. വി. വിജയദാസ്, വി. എസ്. സുനിൽ കുമാർ, സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): 2009-2010 കാലഘട്ടങ്ങളിലാണ് നാളികേരത്തിന് ഏറ്റവും കുറഞ്ഞ വിലയുണ്ടായിരുന്നത്. തുടർന്നും വിലക്കുറവ് അനുഭവപ്പെട്ടതുകൊണ്ട് കൊപ്ര സംഭരണ സൊസൈറ്റികൾ മുഖാന്തിരം കൊപ്ര സംഭരിക്കുന്നതിനായി യോഗങ്ങൾ വിളിച്ചുചേർത്തെങ്കിലും സൊസൈറ്റികളൊന്നും മുന്നോട്ടുവരാത്തതുകൊണ്ട് കൃഷിഭവനിലൂടെ പച്ചത്തേങ്ങ സംഭരിക്കാനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായി. 2014 വരെ പൊതുമേഖലയിൽ കിലോഗ്രാമിന് 32 രൂപയായിരുന്ന പച്ചത്തേങ്ങ കൃഷിഭവൻ വഴി 28 രൂപയ്ക്ക് സംഭരിച്ച് നാളികേരത്തിന്റെ വിലത്തകർച്ചമൂലമുള്ള കൃഷിക്കാരുടെ പ്രതിസന്ധിക്ക് പരിഹാരം കണ്ടെത്താൻ സാധിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ ഇറക്കുമതി നയത്തിന്റെ ഫലമായി വെളിച്ചെണ്ണയുടെയും കൊപ്രയുടെയും ഇറക്കുമതിമൂലം പൊതുവിപണിയിൽ നാളികേര വില കുത്തനെ ഇടിഞ്ഞപ്പോൾ വിലയിടിവ് പിടിച്ചുനിർത്താനായി

ഇപ്പോൾ കൃഷിഭവൻ വഴി പച്ചത്തേങ്ങ കിലോയ്ക്ക് 25 രൂപയ്ക്ക് സംഭരിച്ച് കർഷകരെ വിലത്തകർച്ചയിൽ നിന്നും രക്ഷിച്ചുകൊണ്ടിരിക്കുകയാണ്. കേരഫെഡ് സംഭരിക്കുന്ന നാളികേരം ഉപയോഗിച്ച് കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി ഫലപ്രദമായ മാർക്കറ്റിംഗിലൂടെ ലാഭകരമാക്കി നാളികേര കർഷകർക്ക് മികച്ച വില നൽകുന്നതിനാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പ്രസ്തുത വിഷയം വളരെ ഗൗരവത്തോടുകൂടിയാണ് സർക്കാർ കാണുന്നത്. കൃഷിഭവൻ മുഖാന്തിരം 25 രൂപയ്ക്ക് നാളികേരം സംഭരിച്ച് നാളികേര കർഷകരെ സംരക്ഷിക്കാനും കൂടുതൽ വില നൽകാനും ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്.

ശ്രീ. കെ. വി. വിജയദാസ്: വസ്തുതാവിരുദ്ധമായ കാര്യങ്ങൾ പറഞ്ഞ് നാൽപ്പത് ലക്ഷത്തോളം വരുന്ന നാളികേര കർഷകരുടെ വികാരങ്ങളെ മുറിപ്പെടുത്തിയ മന്ത്രിയുടെ മറുപടിയിൽ പ്രതിപക്ഷം ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു. നാളികേര കർഷകർ ഇന്ന് ആത്മഹത്യയുടെ വക്കിലെത്തി നിൽക്കുകയാണ്. കിലോയ്ക്ക് 40 രൂപയുണ്ടായിരുന്ന നാളികേരത്തിന്റെ വില ഇപ്പോൾ 17 രൂപയായും ഉൽപ്പാദനം 17.48 ശതമാനമായും കുറഞ്ഞിരിക്കുന്നു. കേന്ദ്ര സർക്കാരിന്റെ ഇറക്കുമതിനയംമൂലവും വിദേശ രാജ്യങ്ങൾക്കു പുറമെ സ്വകാര്യ വ്യക്തികൾക്കും നാളികേര ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതിനുള്ള അനുമതി നൽകിയതിന്റെ ഫലമായും നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചുവെങ്കിലും

നാളികേരത്തിന്റെ വില അമിതമായി കുറയുകയും ചെയ്തു. സപ്ലിമെന്ററി ബഡ്ജറ്റിൽ നാളികേര കൃഷിയ്ക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ല. കോഴിക്കോട്ടുള്ള നാഫെഡ് ഓഫീസ് അടച്ചുപൂട്ടുകയും കേരഫെഡിന്റെ നാളികേര സംഭരണം നാമമാത്രമായി കുറയുകയും ചെയ്തു. 6211 ദശലക്ഷം നാളികേരം മാത്രമാണ് കേരളത്തിൽ ഇപ്പോൾ ഉൽപ്പാദിപ്പിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളിൽ കൃഷിക്കാവശ്യമായ വെള്ളവും വൈദ്യുതിയും സൗജന്യമായി നൽകുമ്പോൾ ഇവിടെ വൈദ്യുതി സബ്സിഡി ഇല്ലാതാക്കി ചാർജ്ജ് വർദ്ധിപ്പിക്കുകയും ജലസേചനത്തിനുള്ള ഫണ്ട് വെട്ടിക്കുറയ്ക്കുകയും നാളികേര ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനം നാമമാത്രമാക്കിത്തീർക്കുകയും ചെയ്തിരിക്കുന്നു. നാളികേര വികസന കോർപ്പറേഷനിൽ എം.ഡി.യോ നാഫെഡിൽ ഉദ്യോഗസ്ഥരോ ഇല്ലാത്ത അവസ്ഥയാണുള്ളത്. 200 കോടി രൂപയെങ്കിലും നാളീകേര കർഷകർക്കായി ബഡ്ജറ്റിൽ വകയിരുത്തണം. സംസ്ഥാനത്തെ നാല്പത് ലക്ഷത്തോളം വരുന്ന നാളീകേര കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. പി. മോഹനൻ)</u> : ഇവിടെ ഉന്നയിച്ച കാര്യങ്ങളോട് സർക്കാർ പൂർണ്ണമായും യോജിക്കുന്നു. നാളീകേര മേഖലയിലെ വിലത്തകർച്ച പിടിച്ചുനിറുത്തി കർഷകർക്ക്

ആശ്വാസമേകുന്ന നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. കേന്ദ്ര സർക്കാർ ഏജൻസിയായ സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ 2000 ടൺ ഭക്ഷ്യയോഗ്യമായ വെളിച്ചെണ്ണ ഇറക്കുമതി ചെയ്യാൻ തീരുമാനിച്ചതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് തിരുവനന്തപുരത്ത് ചേർന്ന എം.പി.-മാരുടെ കോൺഫറൻസിൽ ഈ പ്രശ്നം അവതരിപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുകയും ചെയ്തു. കൊച്ചി തുറമുഖം വഴി സ്വകാര്യ വെളിച്ചെണ്ണ മില്ലുകൾക്കുവേണ്ടി സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ കൊപ്ര ഇറക്കുമതി ചെയ്തുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടപ്പോൾ ഈ നടപടിയിൽനിന്നും അവരെ പിന്തിരിപ്പിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്രത്തിലെ ബന്ധപ്പെട്ടവർക്ക് കത്തുകൾ നൽകിയിട്ടുണ്ട്. വിലയിടിവ് തടയുന്നതിനായി സംസ്ഥാന ഗവൺമെന്റ് കൃഷിഭവൻ മുഖാന്തിരം കിലോയ്ക്ക് 25 രൂപ നിരക്കിൽ നാളികേരം സംഭരിക്കുകയും കേരഫെഡ് മുഖാന്തിരം മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിപണിയിലെത്തിക്കുകയും ചെയ്യുന്നുണ്ട്. ഇരുപത്തിരണ്ട് വർഷമായി പൂട്ടിക്കിടന്ന കോക്കനട്ട് ഡവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം പുന:രാരംഭിച്ചിട്ടുണ്ട്. നീരയുടെ ഉല്പാദനം നാളീകേര കർഷകർക്ക് വളരെ പ്രയോജനപ്രദമായി മാറിയിട്ടുണ്ട്. ഈ പ്രശ്നം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട അവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്നും പുറത്തുപോകുകയും അല്പസമയത്തിനകം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

### (1) മായം ചേർക്കൽ

ശ്രീ. സി. പി. മുഹമ്മദ്: അരി ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നത് വ്യാപകമായിരിക്കുകയാണ്. കീടനാശിനികളുടെയും രാസവസ്തുക്കളുടെയും അമിത ഉപയോഗംമൂലം വിഷലിപ്തമായ പഴങ്ങളും പച്ചക്കറികളുമാണ് വിപണിയിലെത്തുന്നത്. കൃത്രിമ നിറം ചേർക്കലും അജിനോമോട്ടോയുടെ ഉപയോഗവും ക്രമാതീതമായിരിക്കുകയാണ്. നിയമത്തിലെ പഴുത് മായം ചേർക്കൽ വ്യാപകമാക്കുന്നതിന് കാരണമാകുന്നുണ്ട്. അതുകൊണ്ട് കർശന നിയമം കൊണ്ടുവരുന്നതിനും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന നടത്തി യഥാർത്ഥ കുറ്റക്കാരെ നിയമത്തിനു മുമ്പിൽ

കൊണ്ടുവരുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): മായം ചേർക്കുന്നതും ഗുണനിലവാരം കുറഞ്ഞ ഭക്ഷണസാധനങ്ങൾ വിൽക്കുന്നതും സംഭരിക്കുന്നതും തടയുന്നതിനായി 2006-ലെ കേന്ദ്ര ഭക്ഷ്യസുരക്ഷ ഗുണനിലവാര നിയമം ഇവിടെ നടപ്പിലാക്കിയിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പഴം, പച്ചക്കറി തുടങ്ങിയ ഭക്ഷ്യവസ്തുക്കളിൽ കീടനാശിനികളുടെ അളവ് ക്രമാതീതമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഫുഡ് ആന്റ് സേഫ്റ്റി കമ്മീഷണർ കൺവീനറായി ഒരു ഹൈ പവർ കമ്മിറ്റി രൂപീകരിച്ച് സംസ്ഥാനത്തെത്തുന്ന പഴം/പച്ചക്കറികളിലെ കീടനാശിനികളുടെ അളവ് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതിനും ജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കർശന പരിശോധനയുടെ ഫലമായി 132 ഹോട്ടലുകൾ അടച്ചുപൂട്ടുകയും 295 കേസുകളിലായി 87,24,960 രൂപ പിഴയായി ഈടാക്കുകയും 3800 സ്ഥാപനങ്ങൾക്ക് ഇംപ്രൂവ്മെന്റ് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. ഹോട്ടൽ ഉടമസ്ഥരെയും തൊഴിലാളികളെയും ഉൾപ്പെടുത്തി നടത്തിയ ബോധവത്കരണ ക്ലാസ്സുകളിൽ പങ്കെടുത്ത ഒരു ജീവനക്കാരനെയെങ്കിലും ഹോട്ടലുകളിലും ബേക്കറികളിലും നിയോഗിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സാമ്പിൾ പരിശോധനയിൽ ഗുണനിലവാരമില്ലെന്നു കണ്ടെത്തിയ 19 ബ്രാന്റ് വെളിച്ചെണ്ണയുടെ

ഉല്പാദനവും വിതരണവും നിരോധിച്ചിട്ടുണ്ട്. ടാങ്കർ ലോറികളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് കർശനമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തി. ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ പ്രവർത്തിക്കുന്ന അനലറ്റിക്കൽ ലാബുകളെ അക്രഡിറ്റേഷൻ നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന നടപടി പുരോഗമിച്ചുവരുന്നു. ശബരിമല ക്ഷേത്രത്തിലെ കുടിവെള്ള പരിശോധനയ്ക്കായി ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറി പ്രവർത്തിക്കുന്നുണ്ട്. കീടനാശിനികളുടെ ഉപയോഗം കണ്ടെത്തുന്നതിനുള്ള എക്യുപ്മെന്റ്സ് തിരുവനന്തപുരത്തും എറണാകുളത്തും സ്ഥാപിക്കുകയും കോഴിക്കോട് ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയുമാണ്. 'സുരക്ഷിതാഹാരം ജനങ്ങളുടെ അവകാശം' എന്ന പ്രഖ്യാപനത്തിന്റെ ഭാഗമായി ഭക്ഷണസാധനങ്ങളിൽ മായം ചേർക്കുന്നതും നിലവാരം കുറഞ്ഞ ഭക്ഷണം വിൽക്കുന്നത് തടയുന്നതിനും സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് ' ഓപ്പറേഷൻ രുചി റെസ്റ്റിക്റ്റീവ് യൂസ് ഓഫ് കെമിക്കൽ ആന്റ് ഹാംഫുൾ ഇൻഗ്രീഡിയൻസ് പദ്ധതി നടപ്പാക്കിവരുന്നു. 2 ജോയിന്റ് കമ്മീഷണർമാരുടെയും 57 ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരുടേയും തസ്തികകൾ സൃഷ്ടിച്ചു. അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറികളിലെ വിഷാംശം പരിശോധിക്കുന്നതിന്റെ ഭാഗമായി വ്യാപാരികൾക്ക് ലൈസൻസും രജിസ്ട്രേഷനും

ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു. 2006-ലെ പുതുക്കിയ ഭക്ഷ്യ സുരക്ഷാ നിയമം കൂടുതൽ കർശനമായി നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

## (2) നഷ്ടപരിഹാരം

ശ്രീ. വി. ചെന്താമരാക്ഷൻ: വന്യജീവി-വനഭൂമി സംരക്ഷണ നിയമം കർശനമായി നടപ്പാക്കിയതുമൂലം വന്യജീവികളുടെ എണ്ണം കേരളത്തിൽ ക്രമാതീതമായി വർദ്ധിക്കുകയും അവ മനുഷ്യനെ ആക്രമിക്കുകയും കൃഷി വൻതോതിൽ നശിപ്പിക്കുകയും ചെയ്യുന്നു. ആന, കടുവ, പുലി, കാട്ടുപന്നി, കാട്ടുപോത്ത് മുതലായ വന്യമൃഗങ്ങളുടെ ആക്രമണം മൂലം വനാതിർത്തിയിൽ താമസിക്കുന്ന നിരവധി ആളുകൾ മരണമടയുകയുണ്ടായി. ആക്രമിക്കാൻ വരുന്ന വന്യജീവിയെ കൊലചെയ്താൽ ജയിലിൽ പോകുന്ന സ്ഥിതിവിശേഷമാണുള്ളത്. വന്യജീവികൾ അപകടകാരികളാകുന്നത് തടയുന്നതിനും ഉപദ്രവകാരികളായ വന്യജീവികളെ വേട്ടയാടാനുള്ള അനുമതി നൽകുന്നതിനുമുള്ള നിയമം നടപ്പാക്കുന്നതിന് കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): വന്യജീവികളുടെ വർദ്ധനവുമൂലം ഉണ്ടാകുന്ന സ്വാഭാവികമായ സമ്മർദ്ദവും അവയുടെ ആവാസ സ്ഥലങ്ങൾ വിഭജിക്കപ്പെട്ടതും

സഞ്ചാര പഥങ്ങൾ ശിഥിലമായതും വനമേഖലയോടു ചേർന്നുള്ള കാർഷിക വിളകളുടെ ആകർഷണീയതയുമാണ് കാട്ടുമൃഗങ്ങളെ നാട്ടിലിറങ്ങാൻ പ്രേരിപ്പിക്കുന്ന ഘടകങ്ങൾ. വന്യജീവികളുടെ വർദ്ധിച്ചുവരുന്ന ആക്രമണംമൂലം വനമേഖലയോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിലെ കൃഷിയിടങ്ങൾക്കും കാർഷിക വിളകൾക്കും നാശനഷ്ടം സംഭവിക്കുന്നതോടൊപ്പം ജനങ്ങളുടെ ജീവന് ഭീഷണിയാകുന്ന സംഭവങ്ങൾ ഉണ്ടാകുന്നത് തടയുന്നതിനായി വനംവകുപ്പ് സൗരോർജ്ജ കമ്പിവേലി, കിടങ്ങുകൾ, കരിങ്കൽ ഭിത്തി, കാട്ടിലേക്ക് തിരിച്ചയയ്ക്കാൻ ദ്രുതകർമ്മ സേന തുടങ്ങിയ പ്രതിരോധ നടപടികൾ സ്വീകരിച്ചുവരുന്നു. ജനങ്ങൾക്കുണ്ടാകുന്ന പരിക്ക്, സ്ഥായിയായ അംഗഭംഗം, ജീവഹാനി എന്നിവയ്ക്കും കാർഷിക വിളകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്കും ഉചിതമായ നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. വനത്തിനുപുറത്ത് വച്ച് പാമ്പ് കടിയേറ്റുമരിച്ചാൽ ഒരുലക്ഷം രൂപവരെ നഷ്ടപരിഹാരം നൽകുന്നതാണ്. 8-1-2015-ലെ ഉത്തരവുപ്രകാരം വന്യജീവികളുടെ ആക്രമണംമൂലം കാർഷികവിളകൾക്ക് ഉണ്ടാകുന്ന നാശനഷ്ടം കണക്കാക്കി ഓരോ വിളകൾക്കും ഇനം തിരിച്ചുള്ള നഷ്ടപരിഹാരത്തുക നിശ്ചയിച്ചിട്ടുണ്ട്. വന്യജീവി ആക്രമണത്തിനിരയാകുന്നവർക്ക് വർഷത്തിൽ പരമാവധി നാലുതവണ നഷ്ടപരിഹാരം നൽകുന്നതാണ്. കാർഷികവിളകളുടെ നഷ്ടത്തിനും മനുഷ്യർക്കുണ്ടാകുന്ന പരിക്കിനും നൽകാവുന്ന നഷ്ടപരിഹാരത്തുക ഒരു ലക്ഷം

രൂപയായി വർദ്ധിപ്പിക്കണമെന്ന പത്താം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശ സർക്കാർ പരിഗണിക്കുന്നതാണ്. വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗവിഭാഗത്തിനും വനത്തോട് ചേർന്ന് താമസിക്കുന്ന മറ്റുള്ളവർക്കും അപകടമരണത്തിനും ചികിത്സയ്ക്കും യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് ഇൻഷ്വറൻസ് പരിരക്ഷ നടപ്പാക്കുന്നതാണ്. 1972-ലെ വൈൽഡ് ലൈഫ് ആക്ട് അമെന്റ് ചെയ്യാനുള്ള അധികാരം കേന്ദ്രഗവൺമെന്റിൽ നിക്ഷിപ്തമായതിനാൽ വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽനിന്നും ജനതയെ എങ്ങനെ രക്ഷിക്കാമെന്നതുസംബന്ധിച്ച നിർദ്ദേശം കേന്ദ്രസർക്കാരിനെ അറിയിക്കുന്നതാണ്.

## സബ്മിഷൻ

### (1) ഖനനംമൂലം പ്രദേശവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട്

ശ്രീ. ഇ. ചന്ദ്രശേഖരൻ: കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന കേരള ക്ലേയ്സ് ആന്റ് സിറാമിക്സ് പ്രോഡക്ട് ലിമിറ്റഡ് കമ്പനിയുടെ ഖനനംമൂലം പ്രദേശവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹിരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): പൊതുമേഖലാസ്ഥാപനമായ കേരള ക്ലേയ്സ് ആന്റ് സിറാമിക്സ്

പ്രോഡക്ട് ലിമിറ്റഡ് കമ്പനിയുടെ മൈനിംഗ് diversification-നെപ്പറ്റി സർക്കാർ ആലോചിക്കുന്നുണ്ട്. നാട്ടുകാരുടെ എതിർപ്പുമൂലം ഇപ്പോൾ മൈനിംഗ് നിർത്തിവച്ചിരിക്കുകയാണ്. ഇക്കാര്യങ്ങൾ ജനപ്രതിനിധികളും ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്യുന്നതാണ്.

## (2) ലോക്കൽ കമ്മിറ്റി നേതാവിനെ ആക്രമിച്ചവർക്കെതിരെ നടപടി

ശ്രീ. കെ. രാധാകൃഷ്ണൻ: സി.പി.ഐ (എം) കൊടുങ്ങല്ലൂർ ലോക്കൽ കമ്മിറ്റി നേതാവ് ജൈത്രനെ ആക്രമിച്ചവർക്കെതിരെ കർശന നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): 18-7-2015-ന് കൊടുങ്ങല്ലൂർ തെക്കേ നടയിൽ മോട്ടോർ സൈക്കിളിൽ ഇരിക്കുകയായിരുന്ന സി.പി.ഐ. (എം) കൊടുങ്ങല്ലൂർ ലോക്കൽ കമ്മിറ്റി സെക്രട്ടറി ജൈത്രനെ ബി.ജെ.പി. പ്രവർത്തകരായ അനന്തു, നിതീഷ് എന്നിവരും കണ്ടാലറിയാവുന്ന മറ്റ് രണ്ടുപേരും ചേർന്ന് ആക്രമിച്ചതിനെത്തുടർന്ന് കൊടുങ്ങല്ലൂർ മെഡികെയർ ആശുപത്രിയിൽ ചികിത്സയിലാണ്. ഇക്കാര്യത്തിൽ ക്രൈം നമ്പർ 1774/15 ആയി കേസ് രജിസ്റ്റർ ചെയ്യുകയും അനന്തു, നിതീഷ് എന്നീ ബി.ജെ.പി. പ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്ത് കോടതിയിൽ റിമാന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കൊടുങ്ങല്ലൂർ

മേഖലയിൽ സി.പി.ഐ. (എം)/ ബി.ജെ.പി. പ്രവർത്തകർ തമ്മിൽ സംഘട്ടനങ്ങൾ തുടർന്നുവരുന്ന പശ്ചാത്തലത്തിൽ സ്ഥലത്ത് പോലീസ് ശക്തമായ ബന്തവസ് ഏർപ്പെടുത്തിയിട്ടുണ്ട്. അവിടെ സമാധാനാന്തരീക്ഷം ഉണ്ടാക്കുകയെന്നതാണ് സർക്കാരിന്റെ നിലപാട്.

## (3) ആനുകൂല്യം അനുവദിക്കൽ

ശ്രീ. ജോസഫ് വാഴയ്ക്കൻ: ഉച്ചഭാഷിണി മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ക്ഷേമനിധിയും ആരോഗ്യ ഇൻഷ്വറൻസും മറ്റാനുകൂല്യങ്ങളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): നിലവിലുള്ള ക്ഷേമനിധികളുടെ എണ്ണം കുറച്ച് അവയെ ശാക്തീകരിക്കാനുള്ള ശ്രമം നടത്തുന്ന സാഹചര്യത്തിൽ ഉച്ചഭാഷിണി മേഖലയിൽ പ്രവർത്തിക്കുന്നവർക്കായി പുതിയ ക്ഷേമനിധി രൂപീകരിക്കുകയെന്നത് അപ്രായോഗികമായതിനാൽ ഇവർക്ക് കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിന്റെ കീഴിലുള്ള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് സ്കീമിൽ അംഗങ്ങളാകാനുള്ള അവസരം നൽകുന്നതാണ്. അതുവഴി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യവും ലഭിക്കുന്നതായിരിക്കും.

## (4) തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. കോവൂർ കുഞ്ഞുമോൻ: കുന്നത്തൂർ നിയോജകമണ്ഡലത്തിലെ മാറനാട് സ്വാദി കാഷ്യൂ ഫാക്ടറിയിലെ മെക്കനൈസേഷനെതിരെ തൊഴിലാളികൾ നടത്തുന്ന സമരത്തിന് ശാശ്വത പരിഹാരമുണ്ടാക്കാനും അവർക്ക് മിനിമം കൂലി നൽകാനും സമരം ചെയ്യുന്ന തൊഴിലാളികളെ പോലീസിനെ ഉപയോഗിച്ച് ആക്രമിക്കുന്ന സമീപനം സ്വീകരിക്കുന്ന മാനേജ്മെന്റുകൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കാനും തയ്യാറാകണം.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): പ്രസ്തുത ഫാക്ടറിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ സംബന്ധിച്ച് ജില്ലാ ലേബർ ഓഫീസർ തലത്തിൽ ചർച്ചകൾ നടത്തുകയുണ്ടായി. ഈ വിഷയത്തിൽ തൊഴിൽ വകുപ്പിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യുന്നതാണ്. തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടാതെ മെക്കനൈസേഷൻ എങ്ങനെ നടപ്പിലാക്കാമെന്നുള്ളതിനെക്കുറിച്ച് സർക്കാർ പരിശോധിച്ചുവരികയാണ്. സമരം നടത്തിയവർക്കെതിരെയുണ്ടായ പോലീസ് അതിക്രമത്തെക്കുറിച്ച് ആഭ്യന്തര വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

## (5) തോട്ടങ്ങൾ ഏറ്റെടുക്കൽ

ശ്രീമതി ഇ. എസ്. ബിജിമോൾ: പീരുമേട് നിയോജകമണ്ഡലത്തിലെ

കോട്ടമല, ബോണായി എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനും തോട്ടം തൊഴിലാളികൾക്ക് പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിയുടെ ആനുകൂല്യങ്ങൾ പുന:സ്ഥാപിക്കുന്നതിനും സൗജന്യ റേഷൻ നൽകുന്നതിനും നടപടി സ്വീകരിക്കണം.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): പീരുമേട് നിയോജകമണ്ഡലത്തിലെ കോട്ടമല, ബോണാമി എസ്റ്റേറ്റുകൾ റ്റീ ആക്റ്റ് പ്രകാരം ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്. ഓണക്കാലത്ത് റിലീഫ് നൽകുന്ന ലിസ്റ്റിൽ ടി എസ്റ്റേറ്റിലെ തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

## (6) ക്യാബിനറ്റ് തീരുമാനം നടപ്പാക്കൽ

ശ്രീ. എ. എം. ആരിഫ്: അരൂർ നിയോജകമണ്ഡലത്തിലെ ചന്തിരൂരിൽ മത്സ്യസംസ്കരണ ഫാക്ടറികളിൽനിന്നും പുറന്തള്ളുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി പൊതുമലിനീകരണ നിയന്ത്രണ പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): അരൂർ നിയോജകമണ്ഡലത്തിലെ ചന്തിരൂരിൽ പൊതുമലിനീകരണ നിയന്ത്രണ പ്ലാന്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ

കേന്ദ്ര ഗവൺമെന്റ് ആറ് കോടി രൂപ അനുവദിക്കുകയും എസ്.പി.വി. രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ നടപടികൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് അനുവദിച്ച തുക പിൻവലിച്ച സാഹചര്യത്തിൽ മുഴുവൻ ബാധ്യതയും സംസ്ഥാന ഗവൺമെന്റ് വഹിക്കേണ്ട സ്ഥിതിയാണ് നിലവിലുള്ളത്. കേന്ദ്ര ഗവൺമെന്റിനോട് ഫണ്ട് അനുവദിക്കണമെന്നാവശ്യപ്പെടുന്നതോടൊപ്പം പ്ലാന്റ് പ്രാവർത്തികമാക്കാൻ ഗവൺമെന്റിന് സാധ്യമായ എല്ലാ കാര്യങ്ങളും ചെയ്യുന്നതാണ്.

(7) <u>വിദ്യാലയങ്ങളിൽ സൗകര്യമനുവദിക്കൽ</u>

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതിപ്രകാരം ഹൈസ്കൂളുകളായി അപ്ഗ്രേഡ് ചെയ്ത വിദ്യാലയങ്ങളിൽ ആവശ്യമായ സൗകര്യങ്ങൾ അനുവദിക്കണം. താനൂർ നിയോജകമണ്ഡലത്തിലെ മീനടത്തൂർ ഗവൺമെന്റ് ഹൈസ്കൂൾ അടക്കമുള്ള സംസ്ഥാനത്തെ മുപ്പത് സ്കൂളുകളിൽ ഹെഡ്മാസ്റ്ററുടേയും സ്ഥിര അദ്ധ്യാപകരുടേയും തസ്തിക സൃഷ്ടിച്ച് ഗ്രേഡ് ഉയർത്തിയ നടപടി സാധൂകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>): ആർ.എം.എസ്.എ. പദ്ധതി പ്രകാരം 2013-14 വർഷത്തിൽ അപ്ഗ്രേഡ് ചെയ്യാനായി ശിപാർശ ചെയ്ത 30 സ്കൂളുകളിൽ സംസ്ഥാന സർക്കാർ ചെലവിൽ എട്ടാം ക്ലാസ്സ്

ആരംഭിക്കുന്നതിന് അനുമതി നൽകിയ സ്കൂളുകളിലെ കുട്ടികളുടെ തുടർ പഠനം ഉറപ്പുവരുത്തുന്നതിനായി 2014-15 വർഷം ഒമ്പതാം ക്ലാസ്സും 2015-16 വർഷം പത്താം ക്ലാസ്സും ആരംഭിച്ചു. എം.എച്ച്.ആർ.ഡി.യുടെ അംഗീകാരം ലഭ്യമായിട്ടില്ലാത്തതിനാൽ ആവശ്യമായ തസ്തിക സൃഷ്ടിക്കാനും അദ്ധ്യാപകരെ നിയമിക്കാനും കഴിഞ്ഞിട്ടില്ല. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മുപ്പത് സ്കൂളുകളിലെ ഒമ്പത്, പത്ത് ക്ലാസ്സുകൾക്ക് അംഗീകാരം നൽകുകയും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. അദ്ധ്യാപകരെ നിയമിക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മലപ്പുറം ജില്ലയിലെ പന്ത്രണ്ട് സ്കൂളുകളിലും ഇപ്രകാരം അദ്ധ്യാപകരെ നിയമിക്കുന്നതിനും കെട്ടിടം, ലാബ്, ഫർണ്ണീച്ചർ തുടങ്ങിയ അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

## (8) അദ്ധ്യാപക നിയമനം

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിൽ ആരംഭിച്ച സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കാനും തസ്തികകൾ സൃഷ്ടിച്ച് സർക്കാർ ഇറക്കിയ ഉത്തരവിലെ അവ്യക്തതയകറ്റാനും നടപടിയുണ്ടാകണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): ആർ.എം.എസ്.എ.

പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്യുന്നതിനായി 2013-14 വർഷത്തിൽ ശിപാർശ ചെയ്ത 30 സ്കൂളുകൾക്ക് നാളിതുവരെ എം.എച്ച്.ആർ.ഡി.യുടെ അംഗീകാരം ലഭിച്ചിട്ടില്ല. 2013-2014 വർഷം എട്ടാം ക്ലാസ്സ് ആരംഭിച്ച സ്കൂളുകളിൽ കുട്ടികളുടെ തുടർ പഠനം ഉറപ്പുവരുത്തുന്നതിനായി 2014-15 വർഷം ഒമ്പതാം ക്ലാസ്സും 2015-16 വർഷം പത്താം ക്ലാസ്സും പ്രവർത്തിച്ചുവരികയാണ്. എം.എച്ച്.ആർ.ഡി.യുടെ അംഗീകാരം ലഭ്യമായിട്ടില്ലാത്തതിനാൽ തസ്തിക സൃഷ്ടിക്കാനും ആവശ്യമായ അദ്ധ്യാപകരെ നിയമിക്കാനും കഴിഞ്ഞിട്ടില്ല. പ്രസ്തുത 30 സ്കൂളുകളിലെ ഒമ്പത്, പത്ത് ക്ലാസ്സുകൾക്ക് അംഗീകാരം നൽകിക്കൊണ്ടും ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ ആറ് സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എം.എച്ച്.ആർ.ഡി.യുടെ അംഗീകാരം ലഭിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതാണ്.

## (9)**ഗൾഫ് രാജ്യങ്ങളിൽ സർക്കാർ ഉടമസ്ഥതയിൽ സ്കൂൾ അനുവദിക്കൽ**

ശ്രീ. അൻവർ സാദത്ത് : പ്രവാസി മലയാളികളുടെ കുട്ടികൾക്ക് സംസ്ഥാന സിലബസ്സിൽ കുറഞ്ഞ ചെലവിൽ വിദ്യാഭ്യാസം നേടുന്നതിനുവേണ്ടി ഗൾഫ് രാജ്യങ്ങളിൽ സർക്കാർ ഉടമസ്ഥതയിൽ സ്കൂളുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർക്കാരിന്റെ നിയന്ത്രണത്തിൽ മറ്റൊരു രാജ്യത്ത് സ്കൂൾ തുടങ്ങുന്നതിന് നിയമപരവും നയതന്ത്രപരവുമായ പല തടസ്സങ്ങളുമുണ്ട്. കേരളത്തിലെ വിദ്യാഭ്യാസ നിയമവും ചട്ടങ്ങളും പ്രകാരം വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തി ആയതിന്റെ അടിസ്ഥാനത്തിലാണ് പുതിയ സ്കൂളുകൾ അനുവദിക്കുന്നത്. ഗൾഫ് രാജ്യങ്ങളിൽ നിലവിൽ സംസ്ഥാന സിലബസ് പിന്തുടരുന്ന അംഗീകൃത സ്കൂളുകളിൽ കുട്ടികൾ ക്രമേണ കുറഞ്ഞുവരുന്നതായാണ് കഴിഞ്ഞ അഞ്ചുവർഷത്തെ കണക്കുകൾ സൂചിപ്പിക്കുന്നത്. മാത്രമല്ല ഈ ആവശ്യം പരിഗണിക്കപ്പെടുകയാണെങ്കിൽ ലോകത്തിന്റെ എല്ലാ ഭാഗത്തുമുള്ള മലയാളികൾ ഇതേ ആവശ്യം ഉന്നയിക്കുകയും ഇത് വളരെയേറെ സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്നതുമാണ്. എന്നിരുന്നാലും ഇത്തരത്തിൽ മറ്റ് രാജ്യങ്ങളിൽ സംസ്ഥാന സിലബസിൽ സ്കൂൾ തുടങ്ങുന്നത് സംബന്ധിച്ച നടപടിക്രമങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പുസെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതാണ്.

## (10) കെ. എസ്. ആർ.ടി.സി ബസ് സ്റ്റാൻഡിന്റെ അപര്യാപ്തത

ശ്രീ. കെ. രാജു: പുനലൂർ കെ. എസ്. ആർ.ടി.സി. ബസ് സ്റ്റാൻഡിന്റെ അപര്യാപ്തതകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): പുനലൂർ ഡിപ്പോയിൽ നിലവിലുള്ള ഷെഡ്യൂളിന് അനുസൃതമായി ബസുകളുണ്ട്. പുനലൂർ മുനിസിപ്പാലിറ്റിയുമായി ബന്ധപ്പെട്ട തർക്കം പരിഹരിക്കുന്നതിനായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ നടപടി എടുക്കാത്തതെന്താണ് എന്നതിനെപ്പറ്റി അന്വേഷിക്കുന്നതാണ്.

## (11) മിനി ഫിഷിംഗ് ഹാർബർ

ശ്രീ. ജി. എസ്. ജയലാൽ : കൊല്ലം ജില്ലയിലെ പരവൂർ-തെക്കുംഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സൗത്ത് പറവൂർ മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾക്കായി 81 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമുഖേന പൂർത്തീകരിക്കുകയും മാതൃകാ പഠനം നടത്തുന്നതിന് കേന്ദ്രസർക്കാർ സ്ഥാപനമായ സി.ഡബ്ല്യൂ.പി.ആർ.എസ്. നെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പഠനത്തിനുശേഷം പാരിസ്ഥിതികാനുമതി ലഭിച്ചാലുടൻ പദ്ധതിയുടെ അനുമതിക്കായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കാൻ സാധിക്കും.

## (12) വിഴിഞ്ഞം പുനരധിവാസ പാക്കേജ്

ശ്രീമതി ജമീലാ പ്രകാശം: വിഴിഞ്ഞം പദ്ധതി നടപ്പിലാക്കുമ്പോൾ പ്രാദേശിക വികസന-സംരക്ഷണ-പുനരധിവാസ പദ്ധതികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പാക്കേജ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് തുകയായ 7525 കോടി രൂപയുടെ പദ്ധതി നിർമ്മാണത്തിനായി സംസ്ഥാന സർക്കാർ 2690 കോടി രൂപ ചെലവിടണം. 2013-ൽ നടത്തിയ പാരിസ്ഥിതിക പഠന റിപ്പോർട്ടിൽ നിർദ്ദേശിക്കുന്ന പ്രകാരം പാരിസ്ഥിതിക പരിപാലനത്തിലും സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾക്കുമായി 220 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 96 കോടി രൂപ മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനും 84 കോടി രൂപ മറ്റ് സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾക്കുമാണ്. ഇതിൽ കുടിവെള്ളം, മത്സ്യബന്ധന തുറമുഖം, മത്സ്യ സംസ്കരണ പാർക്ക്, ലോജിസ്റ്റിക് ട്രെയിനിംഗ് സെന്റർ, ഖരമാലിന്യ സംസ്കരണം, മുല്ലൂർ സ്കൂളിന്റെ അപ്ഗ്രഡേഷൻ, ആരോഗ്യ രക്ഷാ പദ്ധതി എന്നിവയും ഉൾപ്പെടുന്നു. 7 കോടി രൂപ ചെലവിട്ട് നടപ്പാക്കിയ 3.2 എം.എൽ.ഡി സംഭരണ ശേഷിയുള്ള കുടിവെള്ള പദ്ധതിയിൽനിന്നും 1.5 എം.എൽ.ഡി. വെള്ളം

വിഴിഞ്ഞം നിവാസികൾക്ക് നൽകിവരുന്നുണ്ട്. പദ്ധതിയുടെ നിർമ്മാണ നടത്തിപ്പ് കാലഘട്ടത്തിൽ ഉപജീവനോപാധിയെ ബാധിക്കുന്ന തദ്ദേശ വാസികൾക്ക് 8. 6 കോടി രൂപയുടെ പുനരധിവാസ പദ്ധതിയിൽ 250 കക്കവാരൽ തൊഴിലാളികളെയും 75 കമ്പവല തൊഴിലാളികളെയും സ്ഥിരമായി പുനരധിവസിപ്പിക്കുന്നതിനും രണ്ടായിരത്തോളം മറ്റ് മത്സ്യത്തൊഴിലാളികളെ താത്കാലികമായി പുനരധിവസിപ്പിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി ആർ.ഡി.ഒ. ചെയർമാനും ഫിഷറീസ് വകുപ്പ് ജോയിന്റ് ഡയറക്ടർ കൺവീനറുമായി ഒരു അഞ്ചംഗ സമിതിയെയും ജില്ലാകളക്ടർ ചെയർമാനും ഫിഷറീസ് ഡയറക്ടർ കൺവീനറുമായ അഞ്ചംഗ അപ്പീൽ കമ്മിറ്റിയെയും നിയോഗിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുന്ന അന്നോ അതിനുമുമ്പോ പുനരധിവാസം പൂർത്തീകരിക്കണമെന്ന് കമ്മിറ്റികൾക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. തുറമുഖ നഗര വികസന മാതൃകാ റിപ്പോർട്ടിൽ നിർദ്ദേശിക്കുന്ന മറ്റ് സാമൂഹ്യപ്രതിബദ്ധതാ നിർദ്ദേശങ്ങളും കേന്ദ്രഗവൺമെന്റിന്റെ സാഗര മാലാ പദ്ധതിയിലുൾപ്പെടുത്തിയുള്ള പ്രാദേശിക വികസന പ്രവർത്തനങ്ങളും നടപ്പാക്കുന്നതിന് ശ്രമിക്കുന്നതാണ്. 2013-ലെ കമ്പനീസ് ആക്ട് പ്രകാരം അദാനി പോർട്സ് രൂപീകരിക്കുന്ന തുറമുഖ കമ്പനി കാലാകാലങ്ങളിൽ നിയമാനുസൃത സി.എസ്. ആർ പ്രവർത്തനങ്ങൾ നടത്താൻ ബാധ്യസ്ഥരാണ്.

## (13) പട്ടുവം കുടിവെള്ള പദ്ധതി

ശ്രീ. ജെയിംസ് മാത്യു: പട്ടുവം കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ടം പ്രാവർത്തികമാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം.

(ഈ വിഷയം സംബന്ധിച്ച് ശ്രീ. റ്റി. വി. രാജേഷും നോട്ടീസ് നൽകിയിട്ടുണ്ട്)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): ജിക്ക ധനസഹായത്തോടെ നടപ്പാക്കുന്ന പട്ടുവം കുടിവെള്ള പദ്ധതിക്ക് രണ്ടാംഘട്ട വിപുലീകരണം ആവശ്യമായതിന്റെ അടിസ്ഥാനത്തിലാണ് 69.32 കോടി രൂപയുടെ ഭരണാനുമതി നൽകിയത്. ജിക്ക-യുടെ കാലാവധി നീട്ടിക്കിട്ടുന്നതിനായി കേന്ദ്ര ഗവൺമെന്റുമായി ടേക്ക് അപ് ചെയ്തിട്ടുണ്ട്. മിനിസ്ട്രി ഓഫ് അർബൻ ഡവലപ്മെന്റും ഡയറക്ടർ ഓഫ് എക്കണോമിക് അഫയേഴ്സും വഴി ജിക്കയുടെ അംഗീകാരത്തിനായി വീണ്ടും സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ അനുമതി ലഭിക്കുന്നില്ലെങ്കിൽ മറ്റേതെങ്കിലും പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## (14) കടൽഭിത്തി നിർമ്മാണം

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): ഉദുമ നിയോജകമണ്ഡലത്തിലെ കടലാക്രമണം നേരിട്ട പ്രദേശങ്ങളിൽ എത്രയുംവേഗം കടൽഭിത്തി നിർമ്മാണം

ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): കാസർഗോഡ് ജില്ലയിലെ ഉദുമ പഞ്ചായത്തിലെ കടലാക്രമണം നേരിട്ട പ്രദേശത്ത് കടൽഭിത്തി നിർമ്മിക്കുന്നതിനായി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കേരളത്തിലെ തീരപ്രദേശങ്ങളിലെ കടലാക്രമണ സാദ്ധ്യതയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഡൽഹി ഐ.ഐ.റ്റി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അനന്തരനടപടികൾ സ്വീകരിക്കുന്നതും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള സ്ഥലത്ത് കടൽ ഭിത്തി നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതുമാണ്.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

1. സബ്ജക്ട് കമ്മിറ്റി IIന്റെ 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബില്ലിനെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

2. സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2015-ലെ കേരള ധനകാര്യ ബില്ലിനേയും

2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലിനേയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

3. സബ്ജക്ട് കമ്മിറ്റി X-ന്റെ 2014-15 -ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

4. സബ്ജക്ട് കമ്മിറ്റി XII-ന്റെ 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2014-15 -ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സെന്ററുകളുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

5. സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

6. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഇരുപത്തി മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

7. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുപ്പത്തിയേഴ് മുതൽ നാൽപ്പത്തി ഒന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## നിയമനിർമ്മാണകാര്യം

## 2015-ലെ കേരള ധനവിനിയോഗ (2-ാം ) നമ്പർ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി 2015-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലിരുന്ന് സഭാ നടപടികൾ തടസ്സപ്പെടുത്തുംവിധം ബഹളം വച്ചുകൊണ്ടിരുന്നതിനാൽ സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനങ്ങളിലേയ്ക്ക് കടന്നു.)

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2015-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2015-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.

പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. മുരളീധരൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ജനങ്ങളെ കബളിപ്പിക്കുന്ന തരത്തിലുള്ള പ്രതിപക്ഷാംഗങ്ങളുടെ നിലപാട് തികച്ചും അപലപനീയമാണ്.

ശ്രീ. പി. കെ. ബഷീർ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കാരുണ്യ ബെനവലന്റ് സ്കീമിലൂടെ നൽകുന്ന തുക ഗവൺമെന്റ്-പ്രൈവറ്റ് വ്യത്യാസമില്ലാതെ ഏകീകരിക്കുന്നതിനും റബ്ബർ കർഷകരിൽ നിന്നും ലാറ്റക്സ് വാങ്ങുന്ന റബ്ബറിന് മിനിമം തുക നൽകുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. സി. എഫ്. തോമസ്: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ധനവിനിയോഗ ബില്ലിലൂടെ പാസ്സാക്കിയെടുക്കുന്ന തുക ഉപയോഗിച്ച് വികസനപ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് ഗവൺമെന്റിന്റെ നിലപാടുകളെ എതിർക്കുന്ന പ്രതിപക്ഷാംഗങ്ങൾ യുക്തിരഹിതമായ സമരമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ ജനങ്ങൾക്കുവേണ്ടി നിരവധി ക്ഷേമപ്രവർത്തനങ്ങളും ആനുകൂല്യങ്ങളും വികസന പ്രവർത്തനങ്ങളും നൽകാൻ മുൻകയ്യെടുത്ത ഗവൺമെന്റാണിത്. സംസ്ഥാനത്തെ തൊഴിലാളി-കർഷക-നിർധനരോഗികളുടെ ക്ഷേമപെൻഷനുകളിൽ വർദ്ധനവ് വരുത്തിയ ഗവൺമെന്റിനെ അഭിനന്ദിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ സമ്പദ്ഘടന സംരക്ഷിക്കാനും കേരളത്തെ ഒരു വികസന നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റാനും വിവിധ വികസന പദ്ധതികൾ നടപ്പിലാക്കാനും കടക്കെണിയിലേയ്ക്ക് പൊയിക്കൊണ്ടിരുന്ന സംസ്ഥാനത്തെ കൈപിടിച്ചുയർത്താനും സാധിച്ച ഒരു ഗവൺമെന്റാണ് ഇത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കാരുണ്യ ബെനവലന്റ് ഫണ്ട് വഴി ജനങ്ങൾക്ക് ആനുകൂല്യം നൽകിയതിലൂടെ ചരിത്രത്തിൽ ഇടംനേടിയ ഗവൺമെന്റാണ് ഇത്. ഭൂരഹിതരായ ആളുകൾക്കും ചെങ്ങറയിലെ ആദിവാസികൾക്കും ഭൂമി അനുവദിക്കുകയും നഴ്സുമാരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും കൊച്ചി മെട്രോ, വിഴിഞ്ഞം തുറമുഖം, കണ്ണൂർ വിമാനത്താവളം തുടങ്ങി നിരവധി വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കാനും ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. പ്രവാസികൾക്ക് വോട്ടവകാശം കൊടുക്കാനുള്ള തീരുമാനമെടുക്കുകയും പാവങ്ങൾക്കുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്തു. കാരുണ്യ ഭവനദാന പദ്ധതി ആരംഭിക്കുന്നതിനും ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ ഒരു കാരുണ്യ ഡയാലിസിസ് സെന്റർ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. പി. ഉബൈദുള്ള: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു.

കേരളത്തിലെ ജനങ്ങളുടെ ഹൃദയം കയ്യടക്കി മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്ന ഒരു ഗവൺമെന്റാണ് ഇത്. കാരുണ്യ ബെനവലന്റ് ഫണ്ടിലൂടെ പാവപ്പെട്ടവർക്ക് ചികിത്സാധനസഹായം നൽകുന്നതിനും ആനുകൂല്യങ്ങളും ക്ഷേമ പെൻഷനുകളും വർദ്ധിപ്പിക്കുന്നതിനും അംഗൻവാടി ഹെൽപ്പർമാരുടെയും വർക്കർമാരുടെയും വേതനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു. വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാക്കാനും ഓപ്പറേഷൻ കുബേരയിലൂടെ കൊള്ളപ്പലിശക്കാരെ കണ്ടെത്താനും ഒന്നര ലക്ഷം പേർക്ക് പി.എസ്.സി. നിയമനം നൽകാനും കഴിഞ്ഞു. സംസ്ഥാന - ജില്ലാ പാതകളെ അന്തർദ്ദേശീയ നിലവാരമുള്ള റോഡുകളാക്കി മാറ്റാൻ സാധിച്ചു. സ്മാർട്ട് സിറ്റി പദ്ധതിയിലൂടെ നിരവധി ചെറുപ്പക്കാർക്ക് തൊഴിലവസരമുണ്ടാക്കിക്കൊടുക്കാനും 'നീര' ഉൽപ്പാദനത്തിലൂടെ കേരളത്തിലെ കേര കർഷകരെ ആശ്വസിപ്പിക്കാനും കഴിഞ്ഞു. നാളികേരം ഉൾപ്പെടെയുള്ള കാർഷിക ഉൽപ്പന്നങ്ങൾ ഉപയോഗപ്പെടുത്തി കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കാനും യുവാക്കൾക്ക് ഈ രംഗത്ത് ആവശ്യമായ പരിശീലനം നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണം. ക്ഷേമപദ്ധതികൾക്ക് അപേക്ഷിക്കാനുള്ള വരുമാനപരിധി 100000 രൂപയാക്കി ഏകീകരിക്കുന്നതിനും 'ഭവനരഹിതരില്ലാത്ത കേരളം' എന്ന പുതിയ പദ്ധതിക്ക് രൂപംനൽകാനുമുള്ള നടപടി സ്വീകരിക്കണം.

ശ്രീ. വി. ഡി. സതീശൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. കേരള ചരിത്രത്തിൽ സമാനതകളില്ലാത്ത വികസനപ്രവർത്തനം നടത്തിയ, സാധാരണക്കാരന്റെ കണ്ണീർ ഒപ്പിയ, സാമൂഹ്യ ക്ഷേമ പരിപാടികൾ നടത്തിയ ഈ സർക്കാരിനെ അഭിനന്ദിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): പ്രസംഗം മേശപ്പുറത്ത് വയ്ക്കുന്നു.

2015-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## 2-ഉം 3-ഉം വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും

2-ഉം 3-ഉം വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): 2015-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

**ബിൽ സഭ പാസ്സാക്കി.**

(സഭ ഉച്ചയ്ക്കുശേഷം 12.22-ന് പിരിഞ്ഞു.)

*******